പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 219

17.06.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ

**ചോദ്യം**
ശ്രീ.പി.ടി.എ. റഹീം,
" ബി.സത്യൻ,
" യു. ആർ. പ്രദീപ്,
" പി. ഉണ്ണി

**ഉത്തരം**
എ. കെ. ബാലൻ
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക
സമുദായ ക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | 2018-19 വർഷം പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ചിരുന്ന പദ്ധതികൾക്കുള്ള തുകയുടെ വിനിയോഗം എത്ര ശതമാനമായിരുന്നു; | (എ) | 2018-19 വർഷം പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ധനവിനിയോഗം 93% ആയിരുന്നു. |
| (ബി) | പദ്ധതി തുകയിൽ ഭവന നിർമ്മാണത്തിന് എത്ര തുകയാണ് നീക്കിവെച്ചിരുന്നത്; മുൻവർഷങ്ങളിൽ അനുവദിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത വീടുകൾ പൂർത്തീകരിക്കാൻ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; | (ബി) | 2018-19 വർഷം ഭവന നിർമ്മാണത്തിന് ബഡ്ജറ്റിൽ 380.00 കോടി രൂപ വകയിരുത്തിയിരുന്നു. അതിനു പുറമേ റീ അപ്രോപ്രിയേഷൻ മുഖേന 60 കോടി രൂപയും ചേർത്ത് ആകെ 440.00 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.<br>വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2017-18 വർഷം വരെ അനുവദിച്ച വീടുകളിൽ 2018-19 വർഷത്തിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 23916 വീടുകളിൽ 9882 വീടുകൾ 2018-19 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2,49,31,58,633/- രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് നിലവിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നത്. |
| (സി) | പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (സി) | 2016-17 ൽ 4468 ഗുണഭോക്താക്കൾക്കും 2017-18 ൽ 4600 പേർക്കും 2018-19 ൽ 3887 പേർക്കും ടി പദ്ധതി പ്രകാരം സ്ഥലം ലഭ്യമാക്കി. |

| | | | |
|---|---|---|---|
| (ഡി) | ലൈഫ് മിഷൻ വഴി നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതിക്ക് വകുപ്പ് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; വീട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ വകുപ്പ് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ? | (ഡി) | 2019-20 വർഷം ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി വകുപ്പ് 400.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>വകുപ്പ് മുഖേന 2007-08 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച സ്പിൽ ഓവർ വീടുകളിൽ 4072 എണ്ണം ലൈഫ് മിഷൻ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുകയും ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം തുക അനുവദിച്ച് നൽകിയത് പ്രകാരം 3718 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 354 വീടുകൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടത്തിലുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ്തല ഉദ്യോഗസ്ഥർ വീടുകൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ